കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താന്ന്യം ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1693/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി. 21/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താന്ന്യം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :താന്ന്യം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-23,1-24 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1693/19 തീയതി: 21.12.19

# തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 20-10-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2018 മുതൽ 31-03-2019 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 28.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സീനത്ത്.പി.എ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സിജു.പി.ഡാംസൺ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സുനിൽകുമാർ.കെ.സി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോയ്സൺ സി ജെ,ഓഡിറ്റർ |
| | ശ്രീമതി ധന്യ.എ.സുരേന്ദ്രൻ,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.പി.ജോസ്.01.04.2018 മുതൽ 03.04.2018FN വരെ<br>ശ്രീമതി.ശുഭസുരേഷ്.03.04.2018 AN മുതൽ 03.05.2018 FN വരെ<br>പി.എസ്.രാധാകൃഷ്ണൻ, 03.05.2018 AN മുതൽ 31.03.2019 വരെ | |
| സെക്രട്ടറി | ശ്രീ. ബെന്നി ഡേവിസ് | 01.04.2018 മുതൽ 22.06.18FN വരെ |
| | ശ്രീ.സാബു.പി.വി. | 22.06.2018 AN മുതൽ 14.03.19 FN വരെ |
| | ശ്രീമതി.ബിന്ദു.ഐ.എസ്.<br>അസിസ്റ്റന്റ് സെക്രട്ടറി<br>(അധികചുമതല) | 14.03.19 AN മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.എ.ജെ.വിവെൻസി | 01-04-2018 മുതൽ 31.08.2018 വരെ |
| | ശ്രീമതി.രമ്യ.വി.എം. | 01.09.2018 മുതൽ 26.02.2019 വരെ |
| | ശ്രീ.പ്രതീഷ്. വി.എസ്. | 27.02.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ധന്യ ഭാഗ്യനാഥ്. | 01.04.2018 മുതൽ 20.08.2018 വരെ |
| | ശ്രീ.സന്ദീപ്. | 21.08.18 മുതൽ 30.08.18 വരെ |
| | ശ്രീമതി.മാനസ.പി.എസ്. | 31.08.18 മുതൽ 17.01.19FN വരെ |
| | ശ്രീ.ഇക്ബാൽ.പി.എ. | 17.01.19 AN മുതൽ 11.03.19FN വരെ |
| | ശ്രീ.അനീഷ്.എ. | 11.03.19AN മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.റെജീന. | 01.04.2018 മുതൽ 09.03.2018FN വരെ |
| | ഡോ.മുജീബ് അലി | 09.03.2018 AN മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുനന്ദ ഗോപാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ചിഞ്ചു മരിയ കുര്യൻ | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.രാജശ്രീ.ടി.എ. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ., കിഴക്കുമുറി | ശ്രീമതി.രശ്മി.പി.എസ്. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ., ചാഴൂർ സർക്കിൾ | ശ്രീമതി.ബീന.വി.എസ്. | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രമിന.ഐ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബിന്ദു.ഐ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സ്മൃതി വാസുദേവ് | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>(റസീറ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| | | |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | FACTEOS ലൈസൻസ് അപാകതകൾ | 1-12 |
| 13 | ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട അപാകതകൾ | 1-13 |
| 14 | ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ്-കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. | 1-14 |
| 15 | ടെണ്ടർ ഫോറത്തിന്റെ വില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. | 1-15 |
| 16 | സബ്സിഡി തുക 30000/- രൂപ അധികം അനുവദിച്ചത് തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | വൃദ്ധർക്ക് കട്ടിൽ- ഒരേ ഇനം വാങ്ങുന്നതിന് രണ്ട് ടെണ്ടറുകൾ- വിലയിൽ വ്യത്യാസം- കുറഞ്ഞത് 17,850 രൂപ നഷ്ടം | 1-17 |
| 18 | ടെണ്ടർ സ്വീകരിച്ച ശേഷം സ്പെസിഫിക്കേഷൻ നിർണയിക്കുന്നു.ടെണ്ടർ നടപടികളുടെ പ്രസക്തി നഷ്ടപ്പെടുന്നു. | 1-18 |
| 19 | ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ ഗുണമേന്മ സാക്ഷ്യപത്രം ഉറപ്പാക്കുന്നില്ല- ഗുണമേന്മയില്ലെന്ന കാരണം പരാമർശിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചു | 1-19 |
| 20 | ശുചിത്വ കക്കൂസ് നിർമാണം- സബ്സിഡി മാർഗരേഖപ്രകാരം അനുവദിനീയമല്ല-3,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | അംഗനവാടികളുടെ പ്രവർത്തനം | 1-21 |
| 22 | പോസ്റ്റ് ഓഫീസ് റോഡ് കുടിവെള്ള പദ്ധതി -പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-22 |
| 23 | മരാമത്ത് പ്രവൃത്തി -അപാകതകൾ | 1-23 |
| 24 | സുശാന്തം -വയോജനക്ഷേമം പദ്ധതി | 1-24 |
| 25 | പാലിയേറ്റീവ് കെയർ പദ്ധതി – മരുന്നുകൾ മുഴുവനും നാളിതുവരെ ലഭ്യമായിട്ടില്ല. | 1-25 |
| | ഭാഗം-2<br>വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| 26 | വാർഷികധനകാര്യപത്രിക | 4-1 |

| | | |
|---|---|---|
| | പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | |
| 27 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തിലെ റിവൈസ്ഡ് ബജറ്റ് 21.02.2019 തിയ്യതിയിലെ 1/2019 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 191012896 രൂപയും ചെലവ് 180788068 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 20.04.19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6666278 |
| | |

| | |
|---|---|
| വരവ് | 95441788 |
| ആകെ | 102108066 |
| ചെലവ് | 78953521 |
| നീക്കിയിരിപ്പ് | 23154545 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം അലോട്ട്മെന്റ് | വാർഷികകണക്ക് പ്രകാരം ചെലവഴിച്ച തുക ₹ | ചെലവഴിക്കാത്തതിനാൽ കാലഹരണപ്പെട്ട തുക ₹ |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 15930000 | 15689637 | 240363 |
| വികസനഫണ്ട് എസ്.സി.പി. | 11496000 | 11387473 | 108527 |
| ധനകാര്യകമ്മീഷൻ അവാർഡ് | 7393000 | 3843132 | 3549868 |
| റോഡിതര സംരക്ഷണഗ്രാന്റ് | 3309000 | 3123367 | 185633 |
| റോഡ് സംരക്ഷണഗ്രാന്റ് | 6771000 | 6751377 | 19623 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 95484036 | 144 | 54526124 | 33 | 3 | 80 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12921 | 572935 | 585856 | 563001 | 22855 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25609000 | 25609000 | 25609000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 194760 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 7829100 | 610 |
| വിധവാപെൻഷൻ | 15819900 | 1340 |
| വാർദ്ധക്യകാലപെൻഷൻ | 30339000 | 2727 |
| വികലാംഗപെൻഷൻ | 4186100 | 345 |
| 50 വയസ്സിന്മേൽപ്രായമുള്ള അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 1959100 | 168 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന- 21/10/2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20103/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)വേക്കൻസി റെമിഷൻ, ഡിമോളിഷ്ഡ്,ബിൽഡിങ്ങ്സ്, വിമുക്ത ഭടന്മാർക്ക് ഇളവ് നൽകിയത് എന്നിവ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തൽ പൂർണ്ണമല്ല.
2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.
4)പഞ്ചായത്തിലെ ജീവനക്കാർക്ക് ജോലിവിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയുടേയും, ക്യാമ്പ് കളക്ഷൻ നടത്തുന്നതിന്റേയും ജോലി സംബന്ധിച്ചുള്ള കാര്യങ്ങളാണ് അധികവും രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/10/2019 | 2019,ജൂലായ്,ആഗസ്റ്റ്, സെപ്റ്റംബർ | 18/10/19 |
| | | | |

| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/03/13 | 2006-07 മുതൽ 2010-11 വരെ | 24/05/13 |
|---|---|---|---|

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 2854971 | 2687678 | 182485 | 25 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2854971 | 2692411 | 182485 | * |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

* 350410101 അഡ്വാൻസ് ലെഡ്ജർ പ്രകാരം 3467രൂപ കുടിശ്ശികയിലേക്ക് മുൻകൂർ തുക ലഭിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. 95531/-രൂപ മുൻകൂർ ആയി ലഭിച്ചത് വൗച്ചർ നം. 41800519 പ്രകാരം ചെലവായി എഴുതി തള്ളിയതും അംഗീകരിക്കുന്നില്ല.

2.1.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 1561554 | 1477819 | 89407 | ഇല്ല |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1561554 | 1477819 | 89407 | ഇല്ല |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ<br>ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NonRes. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12643 | 12759 | 613 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *2152 | 2152 | **ഇല്ല |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ<br>ബി-15)<br>(852 + 1408 = 2260/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(.........../105X100)=....... |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 78021 | 77845 | 186 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 72000 | 72000 | ഇല്ല |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ<br>ബി-15)<br>(15120 + 60480 = 75600x100/105) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(............/105X100)=..........,<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരി | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ | കുടി | ആകെ | തൻ | കുടി | ആകെ | | | തൻ | കുടി | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | വർഷം | ശ്ശിക | | വർഷം | ശ്ശിക | | ച്ചത് | | വർഷം | ശ്ശിക | |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 145644 | 682 | 146326 | 136444 | 644 | 137088 | 9777 | 0 | 2 | 48 | 0 |
| | നോൺ-റെസിഡൻഷ്യൽ | 79789 | 3916 | 83705 | 74289 | 3894 | 78193 | 4707 | 0 | 0 | 12 | 0 |
| | ആകെ | | | 230031 | | | 215281 | 14484 | | 0 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 3711 | | | 217038 | | | | | ഇല്ല | | |
| | | .........+....... =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ,<br>ബി-15, 431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിൽ നികുതി ചുമത്തിയ പുതിയ കെട്ടിടങ്ങൾക്ക് സമയാസമയങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തി കാണുന്നില്ല. 2018-19ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ എൻട്രിയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 217038 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 215281/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

3.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (106024.5) |
| 280100104-Prior period income-Property tax on non residential buildings | 161078 |
| 280100102-Prior period income-Property tax - Institutions professionals/Traders | 5600 |
| 280200401-Prior period income - Other income | 334872 |
| 280800101-Prior period Establishment Expenses | (3800) |
| 280800201-Prior period – Administrative Expenses | 298860 |

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16488267 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13227008രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

6.സിവറേജ് ആന്റ് ഡ്രയിനേജ്, ഓഫീസ് ആന്റ് എക്വിപ് മെന്റ് എന്നീ ഇനങ്ങൾക്ക് തൻവർഷ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. അസറ്റിനേക്കാൾ തേയ്മാനചിലവ് കൂടുതൽ ആകുമെന്നതിനാലാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനച്ചിലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർക്ഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടേയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

# 1-12 FTEAOS ലൈസൻസ് അപാകതകൾ

കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ഭേദഗതി ചട്ടങ്ങൾ 2017 സ.ഉ(പി)നം.80/2017തസ്വഭവ,തിയതി 31.102017 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എന്നത് FTEAOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതും 31.10.2017 തിയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്.ഫീസ് നിശ്ചയിക്കുന്നതിന് മൂലധന നിക്ഷേപം കണക്കിലെടുത്ത് മേഖലാടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകൾ എന്നിങ്ങനെ അഞ്ചായി തരം തിരിച്ചിട്ടുണ്ട്.താന്ന്യം ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ അപേക്ഷകളിൽ കണ്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1)അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർത്തു കാണുന്നില്ല.

2)അപേക്ഷകളിൽ സ്ഥാപനത്തിനു ലൈസൻസ് നൽകുന്നതു സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട്,സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ചേർത്തിട്ടില്ല.

ഉദാ:ദേവസ്ഥാനം കല്ല്യാണമണ്ഡപം

3)കാറ്ററിങ്ങ് സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം fssai നിരാക്ഷേപപത്രം ഹാജരാക്കിയില്ല.

ഉദാ:പികെബി കാറ്ററിങ്ങ്(14/311A),രതീഷ് തൈവളപ്പിൽ എന്നയാളുടെ പേരിൽ പ്രവർത്തിക്കുന്ന കാറ്ററിങ്ങ് സ്ഥാപനം(5/88)

4)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ റീട്ടേയ്ൽ ഷോപ്പുകൾ,മാവേലി സ്റ്റോറുകൾ,കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകിയതായി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.തന്മൂലം തൊഴിൽ നികുതി ഡിമാന്റിലും കുറവ് വന്നിരിക്കുന്നു.ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉറപ്പ് വരുത്തേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

5)ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 464 സ്ഥാപനങ്ങൾക്കാണ് സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭിച്ച വിവരപ്രകാരം 1304 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ട്.ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.നിലവിൽ 2019-20 വർഷത്തിൽ തയ്യാറാക്കിയിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 450 വാണിജ്യ സ്ഥാപനങ്ങൾ മാത്രമാണുള്ളത്.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും എല്ലാ വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും FTEAOS ലൈസൻസ് ഉറപ്പുവരുത്തേണ്ടതുമാണ്.

6)ശ്രീ.എ ജി ദിലീപ്,അറയ്ക്കൽ വീട് എന്നയാളുടെ പേരിലുള്ള സോഡ/കോള നിർമ്മാണ യൂണിറ്റിനു ലൈസൻസ് അനുവദിച്ചിട്ടുണ്ട്.എന്നാൽ അപേക്ഷയോടൊപ്പം ഭൂജല അതോറിറ്റിയിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.തദ്ദേശസ്വയംഭരണ(ആർസി) വകുപ്പ് നം.ആർസി 4/244/2017,തി 12.03.2018 സർക്കുലർ പ്രകാരം ഭൂഗർഭജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് ഭൂജല അതോറിറ്റിയിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7,26.10.2019)മറുപടി ലഭ്യമാക്കിയില്ല

# 1-13 ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട അപാകതകൾ

1.<u>കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരമുള്ള അഗ്നി സുരക്ഷ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നില്ല</u>

കെ.പി.ബി.ആർ ചട്ടം 55(4)പ്രകാരം 15 മീറ്ററിൽ ഉയരമുള്ളതും,300 ച.മീ കൂടുതലും 1000 ച.മീ താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'ഒ' യിൽ അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും കൂടാതെ കെട്ടിട നിർമ്മാണം താഴെ ഉപചട്ടം(5) ൽ എടുത്തു പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അഗ്നി സുരക്ഷ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ട് എന്ന സാക്ഷ്യപത്രം,പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും വാങ്ങി അപേക്ഷയൊടൊപ്പം സമർപ്പിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത്, 2018-19 സാമ്പത്തിക വർഷത്തിൽ, മുകളിൽ പറഞ്ഞ വിഭാഗത്തിലുള്ള അപേക്ഷകളിൽ ചട്ടങ്ങൾ പാലിക്കാതെയാണ് കെട്ടിടാനുമതി നൽകിയിട്ടുള്ളത്.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 1/23.10.2019 നൽകിയതിന്, 2019-2020 സാമ്പത്തിക വർഷത്തിൽ ഈ ചട്ടങ്ങൾ പാലിച്ചു പോകുന്നുവെന്നാണ് മറുപടി തന്നിട്ടുള്ളത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.<u>പെർമിറ്റ് ഫീ കുറവായി ഈടാക്കിയത് കണ്ടെത്തിയത് ഓഡിറ്റ് പരിശോധന വേളയിൽ തിരിച്ചടച്ചു</u>

പെർമിറ്റ് നം.ബി3-ബിഎ(42197)/19 തി.1/2/19 പ്രകാരം അഷറഫ് ഒ.കെ,ഒരിപറമ്പിൽ വീട് എന്നയാൾക്ക് 683.12 ച.മീ വിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.എന്നാൽ മൊത്തം വിസ്തൃതിയിൽ 78.44 ച.മീ ഓഫീസ് പ്രവർത്തനങ്ങൾക്കായാണ് പ്ലാൻ പ്രകാരം കാണാൻ സാധിച്ചത്.ഈ വിസ്തീർണ്ണത്തിനുള്ള പെർമിറ്റ് ഫീ താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് ഈടാക്കിയിരുന്നത്.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 1/23.10.19 നൽകി,ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീ കുറവായി ഈടാക്കിയത് രസീതി നം.11915010474/24.10.19 പ്രകാരം 393/- രൂപ തിരിച്ചടയ്ക്കുകയും ചെയ്തു.

# 1-14 ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ്-കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ്

ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 121935/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 ടെണ്ടർ ഫോറത്തിന്റെ വില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

തൻ വർഷം അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികളിൽ ഇ ടെണ്ടർ വഴി സമർപ്പിച്ച ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| ബോട്ട് കടവ് റോഡ് | 1 | 2020 | 2020 |
| ചേലൂർ മനക്കൽ റോഡ് | 1 | 2200 | 2200 |
| സഹൃദയ റോഡ് | 2 | 1350 | 2700 |
| നീരുറവകൾ വൃത്തിയാക്കൽ | 2 | 23750 | 47500 |
| ഭഗത്സിംഗ് റോഡ് | 2 | 2800 | 5600 |
| മഠത്തിൽ അക്കായ് റോഡ് | 4 | 2800 | 11200 |
| ഐശ്വര്യ റോഡ് | 1 | 1200 | 1200 |
| മഹാത്മാഗാന്ധി റോഡ് | 1 | 1300 | 1300 |
| ഏപ്രത്ത്മന കാരാട്ടുക്കായ് റോഡ് | 1 | 1300 | 1300 |
| കല്ലടറോഡ് | 1 | 1350 | 1350 |
| ബോട്ട്കടവ് റോഡ് | 4 | 2020 | 8080 |
| വടാശ്ശേരി റോഡ് | 2 | 2020 | 4040 |
| ചേലൂർ മനക്കൽ റോഡ് | 3 | 2200 | 6600 |
| രാജവീഥി റോഡ് | 3 | 2800 | 8400 |
| നളന്ദ ഗ്രൗണ്ട് റോഡ് | 1 | 1378 | 1378 |
| മായമത്തു തോട് ലിങ്ക് റോഡ് | 1 | 1378 | 1378 |
| ആകെ | | | 106246 |

പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്.

# 1-16 സബ്സിഡി തുക 30,000/-രൂപ അധികം അനുവദിച്ചത് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ – S0038/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
അടങ്കൽ – 1,80,000/-
ബിൽ നം. 4/18-19 99,000/- dt.30/10/18
ബിൽ നം. 8/18-19 36,000/- dt.27/11/18
ബിൽ നം. 14/18-19 36,000/- dt.11/1/19
ബിൽ നം. 17/18-19 9,000/- dt.19/1/19

വെറ്ററിനറി സർജൻ 2018-19 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് നം s0038/19(ആട് വളർത്തൽ ജനറൽ), എന്ന പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. കറവയുള്ള പെണ്ണാടിനെ ഒരാടിന് 9000/-രൂപാ വീതം രണ്ട് ആടുകൾക്ക് 18000/- രൂപ നിരക്കിൽ,പർച്ചേസിങ്ങ് കമ്മിറ്റിയുടെ അനുവാദത്തോടെ വാങ്ങി ഇൻഷുർ ചെയ്ത് ആവശ്യ രേഖകളുമായി വരുന്ന പക്ഷം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ഡി തുക കൈമാറുന്നതാണ് പ്രൊജക്റ്റിന്റെ ലക്ഷ്യം.പ്രായം ഒരു വയസ്സിന് മുകളിലുള്ള കറവയുള്ള ആടിന് 10000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്.6 മാസം മുതൽ 12 മാസം വരെയുള്ള ആടിന് 6000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ മുകളിൽ പറഞ്ഞ പ്രൊജക്റ്റു പ്രകാരം 6 മാസം മുതൽ 12 മാസം വരെയുള്ള ആടിന് 9000/- യൂണിറ്റ് കോസ്റ്റായി കണക്കാക്കി സബ്സിഡി തുക 4500/-രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആടിന്റെ പ്രായം | സബ്സിഡി |
|---|---|---|---|
| 1 | രാധ പി.എ | 1) 12 മാസം<br>2) 12 മാസം | 9000/- |
| 2 | ബീന ജോയ് ചിറയത്ത് | 1)10 മാസം<br>2)10 മാസം | 9000/- |
| 3 | വിജയ ബാലകൃഷ്ണൻ | 1)8 മാസം<br>2)8 മാസം | 9000/- |
| 4 | സിനി ജയപാലൻ | 1) 3 വർഷം<br>2)7 മാസം | 9000/- |
| 5 | ഭാരതി,നെല്ലിപറമ്പിൽ | 1)18 മാസം<br>2)12 മാസം | 9000/- |
| 6 | അജീജ ബഷീർ | 1)9 മാസം<br>2)9 മാസം | 9000/- |
| 7 | സുലോചന | 1)9 മാസം<br>2)9 മാസം | 9000/- |
| 8 | പാത്തുമ w/o അക്ബർ | 1)18 മാസം<br>2)7 മാസം | 9000/- |
| 9 | ബിന്ദു സുരേഷ് | 1)12 മാസം<br>2)12 മാസം | 9000/- |
| 10 | സുജിത ബിജോയ് | 1)9 മാസം<br>2)9 മാസം | 9000/- |
| 11 | ഫിലോമിന ലോന | 1)9 മാസം<br>2)9 മാസം | 9000/- |
| 12 | മേരി സണ്ണി | 1)24 മാസം | 9000/- |

| | | | |
|---|---|---|---|
| | | 2)10 മാസം | |

ക്രമ നം.4, 5, 8, 12 എന്നിവ പ്രകാരം 1 വയസ്സിൽ കൂടുതൽ പ്രായമുള്ള ഓരോ ആടിനെ വിതരണം ചെയ്തിട്ടുണ്ട്. ഇവ ഒഴികെ 6 മാസം മുതൽ 12 മാസം വരെ പ്രായമുള്ള 20 ആടിന് 6000/-രൂപ യൂണിറ്റ് കോസ്റ്റായി കണക്കാക്കി സബ്സിഡി തുക 3000/-രൂപ മാത്രമാണ് അനുവദിക്കാവുന്നത്. ആയതിനാൽ 20 ആടിന് 1500/- രൂപ വീതം അധികം നൽകിയ തുക 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 വൃദ്ധർക്ക് കട്ടിൽ- ഒരേ ഇനം വാങ്ങുന്നതിന് രണ്ട് ടെണ്ടറുകൾ- വിലയിൽ വ്യത്യാസം- കുറഞ്ഞത് 17,850 രൂപ നഷ്ടം

സബ്സിഡി മാർഗരേഖപ്രകാരം അനുവദിച്ചിട്ടുള്ള വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് അസിസ്റ്റന്റ് സെക്രട്ടറിയും വി.ഇ.ഒ (കിഴക്കുമുറി)യും(എസ്.ഒ073/19) നടപ്പാക്കിയിട്ടുണ്ട്.പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് അസിസ്റ്റന്റ് സെക്രട്ടറിയും (എസ്.ഒ 022/19)പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് വി.ഇ.ഒ യും പ്രോജക്ട് നടപ്പാക്കി.വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടിന്റെ അടങ്കൽ 5,00,000 രൂപയിൽ അധികരിച്ചതിനാൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചു.അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രോജക്ട് അടങ്കൽ 5,00,000രൂപയിൽ കുറവായതിനാൽ സാധാരണ ടെണ്ടർ നടപടികളും സ്വീകരിച്ചു.ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകൾ വാങ്ങി, ഒരേ രീതിയിലുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് പഞ്ചായത്തിൽ രണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചു.രണ്ട് നിർവ്വഹണോദ്യഗസ്ഥരും വാങ്ങിയ കട്ടിലുകളുടെ എണ്ണം , വില എന്നിവയുടെ താരതമ്യപത്രിക ചേർക്കുന്നു.

| ക്ര.ന | നിർവ്വഹണോദ്യോ-ഗസ്ഥൻ | വാങ്ങിയ കട്ടിലുകളുടെ എണ്ണം | നിരക്ക് | ആകെ തുക | വിതരണം ചെയ്ത സ്ഥാപനം | ബിൽ നമ്പർ | തീയ്യതി | തുക നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | അസിസ്റ്റന്റ് സെക്രട്ടറി | 75 | 3,438 | 2,57,850 | രാജധാനി ഏജൻസീസ്, പാലക്കാട് | C45 | 4/11/18 | ട്രഷറി ബിൽ നമ്പർ 11 തീ 13/11/2018 |
| 2. | വി.ഇ.ഒ (കിഴക്കുമുറി) | 180 | 3200 | 5,76,000 | റിനി എഞ്ചിനിയറിങ്ങ് വർക് എടയാർ | B114 | 24/11/18 | 1.ട്രഷറി ബിൽ നമ്പർ 21 തീ 13/12/2018- രൂപ 4,78,500<br>2.ചെക്ക് നമ്പർ 8866713 തീ 11/12/2018 രൂപ 97,500 |
| | നിരക്ക് വ്യത്യാസം | | 238 | 17850 | | | | |

കൂടുതൽ എണ്ണം വാങ്ങുമ്പോൾ കൂടുതൽ വിലയിളവ് ഉണ്ടായേക്കാം എന്ന സാധ്യത പരിശോധിക്കുമ്പോൾ ആകെ ആവശ്യമായ 225 കട്ടിലുകളും ഇ ടെണ്ടർ നടപടികളിലൂടെ വാങ്ങിയിരുന്നെങ്കിൽ 3200 രൂപയ്ക്കോ അതിൽ കുറവിനോ ലഭ്യമാകുമായിരുന്നു (ലഭിച്ച ടെണ്ടർ പ്രകാരം കുറഞ്ഞനിരക്ക് 2943 രൂപ ആയിരുന്നു-ഈ ടെണ്ടർ സ്വീകരിച്ചില്ല.ഖണ്ഡിക 1-18 കൂടി കാണുക).രണ്ട് പ്രോജക്ടുകൾക്കും അംഗീകാരം ലഭിക്കുന്നത് 19.04.18 നാണ്.ആയതിനാൽ ഇ ടെണ്ടറിലൂടെ ആവശ്യമായ കട്ടിലുകൾ വാങ്ങാനുള്ള അവസരം ഉണ്ടായിരുന്നു. മാത്രമല്ല രണ്ട് പ്രോജക്ടുകൾക്കും ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് 11.07.2018-ലെ ഒരേ പത്രപരസ്യം മുഖേനയാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി ഈ രണ്ട് ടെണ്ടറുകളും പരിഗണിച്ചതും 13.8.2018 നാണ്.രണ്ട് പ്രോജക്ടുകൾക്കും പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ നടപടികൾക്ക് അംഗീകാരം നല്കിയിരിക്കുന്നത് 18.09.2018 ന് തന്നെയാണ്. ഈ ഘട്ടത്തിൽ ഒന്നും തന്നെ നിർവ്വഹണോദ്യഗസ്ഥരോ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലിന് രണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചതിന് തിരുത്തൽ നടപടി ശുപാർശ ചെയ്തിട്ടില്ല.ആയതിനാൽ സാധനങ്ങൾ വാങ്ങുമ്പോൾ

ഒരുവർഷത്തേക്ക് ആവശ്യകത മുൻകൂട്ടി കണ്ട് ടെണ്ടർ നടപടി സ്വീകരിക്കാഞ്ഞതിനാൽ പഞ്ചായത്തിന് കുറഞ്ഞത് 17,850 (75 എണ്ണം X 238 രൂപ) രൂപയുടെ നഷ്ടം സംഭവിച്ചു(സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5 തീ 26/11/2019)ക്ക്നിർവ്വഹണോദ്യഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഒരേ തീയ്യതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചത് "ആകസ്മികമാണെന്നും" 225 കട്ടിലുകൾക്കും ഒരുമിച്ച് ടെണ്ടർ നടത്തിയാൽ വില കുറയുന്നതിന് സാധ്യത ഇല്ലെന്നും 2 സ്ഥാപനങ്ങളും സപ്ലെ ചെയ്ത കട്ടിലുകൾ ഗുണനിലവാരത്തിൽ വ്യത്യാസമുണ്ട് എന്നും ആയതിനാൽ നഷ്ടം സംഭവിച്ചിട്ടില്ല എന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

ഒരേ ഇനത്തിലുള്ള സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ നടത്തി മത്സരം ഉറപ്പ് വരുത്തി,നിശ്ചിത സ്പെസിഫിക്കേഷനുള്ള സാധനങ്ങൾക്ക് നിരക്കിൽ പരമാവധി വിലകുറവ് ലഭ്യമാക്കുക എന്നതാണ് സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം എന്നതിനാൽ നിർവ്വഹണോദ്യഗസ്ഥയുടെ മറുപടി ഓഡിറ്റിൽ സ്വീകരിക്കുന്നില്ല.

മേൽ ന്യൂനതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.സ്റ്റോർ പർച്ചേസ് മാന്വൽ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങൽ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 ടെണ്ടർ സ്വീകരിച്ച ശേഷം സ്പെസിഫിക്കേഷൻ നിർണയിക്കുന്നു.ടെണ്ടർ നടപടികളുടെ പ്രസക്തി നഷ്ടപ്പെടുന്നു.

പ്രോജക്ട്-എസ്.ഒ 18/19-പട്ടികജാതിക്കാർക്ക് പി.വി.സി വാട്ടർ ടാങ്ക് നൽകൽ

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് തുക.

| ക്ര.ന | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1. | 8 | 26/10/2018 | 76,500 |
| 2. | 10 | 29/10/2018 | 83,500 |
| 3. | 21 | 14/01/2019 | 77,000 |
| 4. | 2177005(ചെക്ക്) | 10.01.2019 | 1,000 |
| 5. | 3049852 (ചെക്ക്) | 27.10.2018 | 25,500 |
| 6. | 2177005(ചെക്ക്) | 10.01.2019 | 26,000 |
| 7. | 3049857(ചെക്ക്) | 7.11.2018 | 30,500 |
| ആകെ | | | 3,20,000 |

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നിരക്കിൽ 500 ലിറ്റർ ശേഷിയുള്ള വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.ഇതിനായി 25% ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ പഞ്ചായത്തിൽ അടവാക്കുകയും നിർവ്വഹണോദ്യോഗസ്ഥൻ ടെണ്ടർ നടപടികളിലൂടെ വാട്ടർടാങ്ക് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

ആകെ 2,02,500 രൂപ അടങ്കൽ കണക്കാക്കിയ പ്രോജക്റ്റിന് 10.07.2018 ൽ AS1/18-19 നമ്പർ ആയി വാട്ടർടാങ്ക് വാങ്ങുന്നതിന് ടെണ്ടർ നോട്ടീസ് തയ്യാറാക്കി 11.07.2018 തീയ്യതിയിൽ പത്രപരസ്യം നല്കിയിട്ടുണ്ട്.ടെണ്ടർ നോട്ടീസിൽ പി വി സി വാട്ടർ ടാങ്കിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് " ഗുണമേന്മയുള്ള വാട്ടർ ടാങ്ക്" എന്ന് മാത്രമേ പരാമർശിച്ചിട്ടുള്ളൂ.മാത്രമല്ല വിതരണം ചെയ്യാനുദ്ദേശിക്കുന്ന ഓരോ മോഡലിന്റെയും,കളറിന്റെയും വില പ്രത്യേകം ടെണ്ടറിൽ ചേർക്കാനും നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

തുടർന്ന് 4 സ്ഥാപനങ്ങൾ 23 മോഡലുകളുടെ വില ടെണ്ടർ ആയി സമർപ്പിച്ചു.ഓരോ സ്ഥാപനവും വാറണ്ടി കാലയളവിലും,നിർമാണ വസ്തുക്കളുടെ വ്യത്യാസത്തിനും,ഗുണമേന്മ സാക്ഷ്യപത്രങ്ങളുടെയും,നിറത്തിന്റേയും

അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തു.ഇവയുടെ വിവരങ്ങൾ താഴെ.

| ക്ര.ന | ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ടെണ്ടർ സമർപ്പിച്ച വാട്ടർ ടാങ്കുകളുടെ മോഡലുകളുടെ എണ്ണം | ക്വാട്ട് ചെയ്ത നിരക്കുകൾ |
|---|---|---|---|
| 1. | കൊള്ളന്നൂർ ഡിസ്ട്രിബ്യൂട്ടേഴ്സ്,തൃശ്ശൂർ | 8 | 1500 രൂപ മുതൽ 3750 രൂപ വരെ |
| 2. | വിക്ടോറിയ പോളി ഫോം, അരിമ്പൂർ | 4 | 1500 രൂപ മുതൽ 2975 രൂപ വരെ |
| 3. | സാഗർ പോളി ക്രാഫ്റ്റ്,പാലക്കാട് | 9 | 1705 രൂപ മുതൽ 2948 രൂപ വരെ |
| 4. | സെൽസെർ പോളിമേഴ്സ്,മുണ്ടൂർ | 2 | 2000, 3000 |

വ്യക്തമായ സ്പെസിഫിക്കേഷൻ ടെണ്ടറിന് മുമ്പ് തയ്യാറാക്കി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്താത്തതിനാൽ സ്ഥാപനങ്ങൾ യഥേഷ്ടം ടെണ്ടറിൽ വിവിധ തരത്തിലുള്ള മോഡലുകളുടെ വില ചേർത്ത് ടെണ്ടർ സമർപ്പിച്ചു. ഇപ്രകാരം വിവിധ തരത്തിലുള്ള ഇനങ്ങൾ ലഭിച്ചതിനാൽ ,31.07.2018 ന് കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ,10 കിലോയിൽ കൂടുതൽ കനമുള്ള വാട്ടർ ടാങ്കുകളുടെ സാമ്പിളുകൾ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണെന്ന് തീരുമാനമെടുത്തു. 13.08.2018 ന് നടത്തിയ സാമ്പിൾ പരിശോധനയിൽ LLDP (Food grade) നിർമിതം,12 kg ഭാരം,3 layer എന്നീ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതുമായ "സാഗർ റോക്സ്" എന്ന ബ്രാൻഡ് (സാഗർ പോളിക്രാഫ്റ്റ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തത്)തെരഞ്ഞെടുക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്തു. 2094 രൂപ ക്വാട്ട് ചെയ്ത് ടാങ്ക് 2000 രൂപയ്ക്ക് വിതരണം ചെയ്യാൻ സ്ഥാപനം തയ്യാറാവുകയും ചെയ്തു.18.09.2018 ലെ 5/5/398(1)/18 നമ്പർ തീരുമാനം പ്രകാരം ഭരണസമിതി ഈ ശുപാർശ അംഗീകരിച്ചിട്ടുണ്ട്.ആയത് പ്രകാരം 2000 രൂപ നിരക്കിൽ 160 എണ്ണം വാട്ടർടാങ്കുകൾ സപ്ലെ ചെയ്യുകയും 3,20,000 രൂപ സ്ഥാപനത്തിന് നല്കുകയും ചെയ്തു.

മേൽ പ്രകാരം വാങ്ങൽ നടത്തിയതിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തുന്നു.

1.1.ടെണ്ടർ നടത്തുന്നതിന് മുമ്പ് വാട്ടർ ടാങ്കിന്റെ സ്പെസിഫിക്കേഷൻ തീരുമാനിക്കുകയോ (സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 4.3) ടെണ്ടർ നോട്ടീസിൽ അപ്രകാരമുള്ള സ്പെസിഫിക്കേഷൻ രേഖപ്പെടുത്തുകയോ ചെയ്തില്ല.ഗുണമേന്മയുള്ള വാട്ടർ ടാങ്ക് എന്ന പൊതുനിർവ്വചനമാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നത്.ടെണ്ടർ സമർപ്പിച്ച ശേഷവും, സാമ്പിൾ ഹാജരാക്കിയ ശേഷവുമാണ് ഫുഡ് ഗ്രേഡ്,ഭാരം,ലേയർ തുടങ്ങി സ്പെസിഫിക്കേഷൻ നിർവ്വചിക്കുന്നത്.ആ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെയും ഇനത്തേയും ഒഴിവാക്കി,ആ നിരക്കിൽ ഉയർന്ന ടെണ്ടർ അംഗീകരിച്ചു.

1.2വ്യക്തമായ സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്താതിനാൽ ഗുണമേന്മയുള്ള ഉത്പന്നത്തിന് (മുൻകൂട്ടി നിശ്ചയിച്ച അടിസ്ഥാന സ്പെസിഫിക്കേഷൻ പ്രകാരമുള്ള വാട്ടർ ടാങ്കിന്) വിവിധ സ്ഥാപനങ്ങളിൽ നിന്ന് നിരക്കിൽ ലഭ്യമാകുമായിരുന്ന മത്സരം ഒഴിവായി.ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ യഥേഷ്ടം ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ ക്വാട്ട് ചെയ്തു.വ്യക്തമായ സ്പെസിഫിക്കേഷന്റെ അഭാവത്തിൽ, നിയന്ത്രണമില്ലാതെ ധാരാളം നിരക്കുകൾ ക്വാട്ട് ചെയ്യപ്പെട്ടതിനാൽ, ഏത് ടെണ്ടർ സ്വീകരിക്കണമെന്ന് ആശയക്കുഴപ്പം സൃഷ്ടിക്കപ്പെടുകയും ഫലത്തിൽ ടെണ്ടർ നടപടികൾ അപ്രസക്തമാവുകയും ചെയ്തു.

1.3വ്യക്തമായ സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്താതെ ടെണ്ടർ സ്വീകരിച്ച ശേഷം സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയതിനാൽ ടെണ്ടറിൽ പങ്കെടുത്തവർക്ക് മത്സരത്തിൽ ലഭിക്കേണ്ട സ്വാഭാവിക നീതിയും തുല്യതയും നഷ്ടപ്പെട്ടു.(സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 1.2)

1.4ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ നിരസിക്കുന്നതിന് അവകാശമുണ്ടെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്താതെയും സാക്ഷ്യപത്രം നൽകാതെയും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് ഗുണമേന്മ പരിശോധിച്ച് കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെയും ഇനത്തേയും ഒഴിവാക്കിയത്.ഇത് ശരിയായ നടപടിയല്ല.

മേൽ കാരണങ്ങളാൽ ടെണ്ടർ നടപടികളുടെ പ്രസക്തി നഷ്ടപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5 തീ 26/10/2019) നിർവ്വഹണോദ്യഗസ്ഥ മറുപടി സമർപ്പിച്ചിട്ടുണ്ട്.വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തുന്നത് ഏതെങ്കിലും ബ്രാൻഡിനെ സൂചിപ്പിക്കുന്നതാകുമെന്നും ഗുണമേന്മയുള്ള വാട്ടർ ടാങ്ക് തന്നെയാണ് വിതരണം ചെയ്തത് എന്നും ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചാലും പ്രൊക്യൂർമെന്റ് കമ്മിറ്റി കണ്ടെത്തിയ വാട്ടർ ടാങ്കുകൾ തന്നെയാണ് ഗുണമേന്മയുള്ളതായി കണ്ടെത്തുക എന്നും നിർവ്വഹണോദ്യഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.ഏതെങ്കിലും ബ്രാൻഡിനെ രേഖപ്പെടുത്താതെ ഗുണമേന്മയും ടെണ്ടർ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ആയി സ്വീകരിക്കാവുന്നതുമായ അടിസ്ഥാന സ്പെസിഫിക്കേഷനുകൾ സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 4.3 യിലെ നിർദ്ദേശപ്രകാരം ചേർക്കാവുന്നതാണ്.ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചാലും പ്രൊക്യൂർമെന്റ് കമ്മിറ്റി കണ്ടെത്തിയ വാട്ടർ ടാങ്കുകൾ തന്നെയാണ് ഗുണമേന്മയുള്ളതായി കണ്ടെത്തുക എന്നുള്ള മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ ന്യൂനതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.സ്റ്റോർ പർച്ചേസ് മാന്വൽ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങൽ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-19 ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ ഗുണമേന്മ സാക്ഷ്യപത്രം ഉറപ്പാക്കുന്നില്ല- ഗുണമേന്മയില്ലെന്ന കാരണം പരാമർശിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചു.

പ്രോജക്റ്റ് -എസ് ഒ 73/2019- വൃദ്ധർക്ക് കട്ടിൽ (ജനറൽ)
നിർവ്വഹണം- വി.ഇ.ഒ (കിഴക്കുമുറി)

ചെലവ് വിവരങ്ങൾ

| ക്ര.ന | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയ്യതി | തുക | തുക ലഭിച്ച സ്ഥാപനം | കുറിപ്പ് |
|---|---|---|---|---|---|
| 1 | 21 | 13/12/2018 | 4,78,500 | റിനി എഞ്ചിനീയറിംഗ് വർക്സ് | 180 കട്ടിലുകൾ 3200 രൂപ നിരക്കിൽ ലഭ്യമാക്കിയതിന്റെ വില |
| 2. | 8866713 (ചെക്ക്) | 11/12/2018 | 97,500 | | |
| ആകെ | | | 5,76,000 | | |

വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചു. ലഭ്യമായതായി ഫയലിൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളും അവ ക്വാട്ട് ചെയ്ത വിലയും താഴെ ചേർക്കുന്നു.(ഉപഖണ്ഡിക 3.1 കൂടി കാണുക)

| ക്ര.ന | സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ഫിഡ്കോ എന്റർപ്രൈസസ് | 4228 |
| 2 | SCISCO ഇൻഡസ്ട്രീസ് | 2943 |
| 3 | റിനി എഞ്ചിനീയറിങ്ങ് വർക്സ് | 3200 |
| 4 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് | 3600 |

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് SCISCO ഇൻഡസ്ട്രീസ് എന്ന സ്ഥാപനമാണ്. 31/7/2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഇപ്രകാരമാണ്."ഫ്രെയിമിന്റെ കനം,അടിയിൽ ഇടുന്ന സപ്പോർട്ടുകളുടെ എണ്ണം,പ്ലൈവുഡ് തരം എന്നിവയിൽ വ്യത്യാസം ഉള്ളതിനാൽ സാമ്പിൾ പരിശോധിച്ച് തീരുമാനമെടുക്കാം.20 ഗേജിൽ കൂടുതൽ കനമുള്ള മെറ്റീരിയൽസ് ഉപയോഗിച്ചുള്ള കട്ടിലുകൾ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണ്."

13.08.2018 ന് തുടർന്ന് സാമ്പിൾ SCISCO ഇൻഡസ്ട്രീസ്,റിനി എഞ്ചിനീയറിങ്ങ് വർക്സ് എന്നിവർ സാമ്പിൾ ഹാജരാക്കി. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പ്രകാരം ഹാജരാക്കിയ സാമ്പിളുകളുടെ സ്പെസിഫിക്കേഷൻ ഇപ്രകാരമാണ്.

| ക്ര.ന | സ്ഥാപനം | ടെണ്ടർ സ്പെസിഫിക്കേഷൻ | സ്പെസിഫിക്കേഷൻ | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|
| 1 | SCISCO ഇൻഡസ്ട്രീസ് | 20 mm ഗേജ്, 1.98 മീ നീളം,90 സെമി വീതി,60 സെ മീ മുൻ സപ്പോർട്ട്, 50 സെ മീ പിൻസപ്പോർട്ട്,പ്ലൈവുഡ് ISO,90 സെ മി വീതി,8 മി മി വീതി . | 18 ഗേജ് ,78 X30 X21 X 36,4 ഇട സപ്പോർട്ട്, പ്ലൈവുഡ് ഗോൾഡ്,9 mm | 2943 |
| 2 | റിനി എഞ്ചിനീയറിങ്ങ് വർക്സ് | | 18 ഗേജ് ,79 X20 X24 X 36,3 ഇട സപ്പോർട്ട്, പ്ലൈവുഡ് ഗോൾഡ്,12 mm | 4228 |

സാമ്പിൾ പരിശോധിച്ച് വ്യക്തമായ അഭിപ്രായം പ്രൊക്യൂർമെന്റ് കമ്മിറ്റി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഗുണനിലവാരം പരിശോധിച്ച് റിനി എഞ്ചിനീയറിംഗ് വർക്സിന്റെ ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ അംഗീകരിക്കുകയാണെന്നുള്ള കാരണം രേഖപ്പെടുത്തി18.09.2018 ലെ 5/5/398(3) നമ്പർ തീരുമാനം പ്രകാരം ഭരണസമിതി റിനി എഞ്ചിനീയറിങ്ങ് വർക്സ് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തു സപ്ലൈ ഓർഡർ നല്കി കട്ടിലുകൾ വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തു.

എന്നാൽ :

1.19.1ടെണ്ടർ നോട്ടീസിൽ വ്യക്തമായ സ്പെസിഫിക്കേഷൻ പറഞ്ഞിരിക്കെ, ആയത് പ്രകാരമുള്ള കട്ടിലിന്റെ വില തന്നെയാണ് ഇ ടെണ്ടർ ഫോമിൽ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തത് എന്നിരിക്കെ , ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഗുണമേന്മയും സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാമ്പിൾ ആണോ ഹാജരാക്കിയത് എന്ന പരിശോധിക്കുകയോ അല്ലെങ്കിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥരിൽ നിന്ന് സ്ഥാപനങ്ങൾ സ്വയം ഇപ്രകാരം ഗുണമേന്മ സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്യാതിരിക്കെ പ്രൊക്യൂർമെന്റ് കമ്മിറ്റി സാമ്പിൾ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതും ശരിയായ നടപടിയല്ല.

1.19.2പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് ഭരണസമിതി റിനി എഞ്ചിനീയറിങ്ങ് വർക്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്ന്ഭരണസമിതി മിനുട്ട്സിൽ കാണുന്നു.പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതി തീരുമാനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി അപ്രകാരം ശുപാർശ ചെയ്തതായി കാണുന്നില്ല.

1.19.3 ഇ-ടെണ്ടർ സൈറ്റിൽ നിന്നും ലഭ്യമാകുന്ന ടാബുലേഷൻ പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇ-ടെണ്ടർ സൈറ്റിൽ നിന്നും ലഭ്യമാകുന്ന ടാബുലേഷൻ പത്രികയുടെ അഭാവത്തിൽ എപ്രകാരമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി എല്ലാ സ്ഥാപനങ്ങളുടെയും നിരക്ക് പരിഗണിക്കപ്പെട്ടു എന്ന ഉറപ്പാക്കിയതെന്ന് വ്യക്തമല്ല.ആയതിനാൽ ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത നിരക്കുകൾ, ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത നിരക്കുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിഗണിച്ചോ എന്നീ വിവരങ്ങൾ ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (11 തീ 28/10/2019) നൽകിയിട്ടുള്ളതും നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടുള്ളതുമാണ്.റിനി എഞ്ചിനീയറിംഗ് വർക്സിന്റേതാണ് ഗുണമേന്മയുള്ള കട്ടിൽ എന്നതിനാലാണ് ആയത് തെരെഞ്ഞെടുത്തത് എന്നും വ്യക്തമായ വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ രേഖപ്പെടുത്താൻ

വിട്ടുപോയതാണെന്നമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ടുള്ള ഗുണമേന്മ പരിശോധന നടത്താത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

മേൽ അപാകതകൾ തിരുത്തൽ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-20 ശുചിത്വ കക്കൂസ് നിർമാണം-സബ്സിഡി മാർഗരേഖപ്രകാരം അനുവദിനീയമല്ല-3,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ -101/19 - ശുചിത്വ കക്കൂസ് നിർമാണം
നിർവ്വഹണം-വി.ഇ.ഒ(കിഴക്കുമുറി)
ചെലവ് വിവരങ്ങൾ: ഫണ്ട് : വികസന ഫണ്ട് (പൊതു വിഭാഗം)

| ക്ര.ന | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 18 | 10/12/18 | 12,000 |
| 2. | 23 | 18/12/18 | 48,000 |
| 3 | 26 | 26/12/18 | 36,000 |
| 4 | 29 | 15/1/19 | 24,000 |
| 5 | 31 | 22/1/19 | 12,000 |
| 6 | 36 | 17/2/19 | 36,000 |
| 7 | 37 | 17/2/19 | 24,000 |
| 8 | 38 | 25/2/19 | 48,000 |
| 9 | 42 | 20/3/2019 | 24,000 |
| 10 | 46 | 29/3/19 | 36,000 |
| | ആകെ | | 3,00,000 |

മേൽ പ്രോജക്റ്റ് പ്രകാരം 25 ഗുണഭോക്താക്കൾക്ക് 12,000 രൂപ നിരക്കിൽ ആകെ 3,00,000 രൂപ ശുചിത്വ കക്കൂസ് നിർമാണത്തിന് ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ പ്രകാരം ഈ യിനത്തിന് സബ്സിഡി അനുവദിച്ചിട്ടില്ലാത്തതാകുന്നു.മാർഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.23/2/2019 ലെ ഡി1/72/19 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം സബ്സിഡി,പദ്ധതി മാർഗരേഖയിൽ കക്കൂസ് നിർമാണം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ് ആയി പ്രഖ്യാപിക്കപ്പെട്ടതിനാലും കക്കൂസ് നിർമാണത്തിന് സബ്സിഡി അനുവദിക്കണമെങ്കിൽ ആയതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ റിപ്പോർട്ടും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ റിപ്പോർട്ടും സഹിതം കോർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.മേൽ നിർദ്ദേശം പാലിച്ച് മുൻകൂർ അനുമതി നേടാത്തതിനാൽ ചെലവ് തുക 3,00,000രൂപ തടസ്സപ്പെടുത്തുന്നു.സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 11 തീ 28/10/2019).ഒ.ഡി.എഫ് ആയി പ്രഖ്യാപിക്കപ്പെട്ട താന്ന്യം ഗ്രാമപഞ്ചായത്തിൽ ആ അവസ്ഥ തുടർന്ന് കൊണ്ട് പോകുന്നതിന് വേണ്ടിയാണ് കക്കൂസ് നിർമാണത്തിന് സബ്സിഡി അനുവദിച്ച് നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.മാത്രമല്ല സ.ഉ(സാധാ) 3163/18 ത.സ്വ.ഭ.വ തീയ്യതി 17.12.2018 ,സ.ഉ156/19 ത.സ്വ.ഭ.വപ്രകാരം എല്ലാ വിഭാഗങ്ങൾക്കും കക്കൂസ് നിർമിച്ച് നല്കുന്നതിന് ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകൾ പ്രളയബാധിത മേഖലകളിൽ പ്രളയം മൂലം തകർന്ന ബി.പി.എൽ/ബി.പി.എൽ ഇതര വിഭാഗക്കാർക്ക് ശൌചാലയങ്ങൾ പുനർനിർമിക്കുന്നതിന് 5000 രൂപ ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള ഉത്തരവുകളാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

# 1-21 അംഗനവാടികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ 28 അംഗനവാടികൾ ആണ് നിലവിൽ ഉള്ളത്. 21 അംഗനവാടികൾ സ്വന്തം കെട്ടിടത്തിൽ

പ്രവർത്തിക്കുന്നു. 3 അംഗനവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 3 അംഗനവാടികൾ ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. ഒരെണ്ണം പ്രവർത്തി നടന്നു കൊണ്ടിരിക്കുകയുമാണ്. 28 അംഗനവാടികൾക്ക് കുടിവെള്ളസൗകര്യവും വൈദ്യുതി സൗകര്യവും ഉണ്ട്. ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ള അംഗനവാടികൾ ഇല്ല.സർക്കുലർ നമ്പർ 31055/ ഡി.സി.2/2011/ത.സ്വ.ഭ.വ 22.3.11 സി (1)പ്രകാരം എല്ലാ വർഷവും മെയ്10നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് നൽകേണ്ടതുമാണ്. സി (2) പ്രകാരം സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗനവാടികൾ പ്രവർത്തിക്കാൻ പാടില്ല. എല്ലാ വർഷവും മെയ്10നകം പരിശോധിച്ച് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെങ്കിൽ ആയത് ചെയ്ത് മെയ് 30നകം ഫിറ്റ്നെസ്സ് ഉറപ്പാക്കേണ്ടതാണ്. അംഗനവാടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലേക്ക് ഭരണാധികാരികളുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 പോസ്റ്റ് ഓഫീസ് റോഡ് കുടിവെള്ള പദ്ധതി -പ്രവർത്തനം ആരംഭിച്ചിട്ടില്ല.

താന്ന്യം പഞ്ചായത്തിലെ എസ്.സി കോളനിയിലെ 13 കുടുംബങ്ങളെ ലക്ഷ്യമിട്ടുകൊണ്ട് 200000/- രൂപ വകയിരുത്തിയ ഒരു പ്രോജക്റ്റാണിത്. ടി സ്ഥലത്ത് മറ്റൊരു കുടിവെള്ള പദ്ധതി നിലവിലുണ്ട്. വേനൽ ക്കാലത്ത് ടി കിണറ്റിലെ വെള്ളം ഓറഞ്ച് നിറമാകുകയും ഉപയോഗ്യമല്ലാതാകുകയും ചെയ്യും. ആയതിനാൽ ടി സ്ഥലത്ത് നിലവിലുള്ള കുഴൽ കിണറിൽ ചാമ്പ് പൈപ്പ് മാറ്റി പകരം സബ്മേഴ്സിബിൾ പമ്പ് വെച്ച് എസ്.സി വീടുകളിലേക്ക് പൈപ്പ് വഴി വെള്ളം വിതരണം ചെയ്യുന്നതിനും ലക്ഷ്യമിടുന്നു.സ്ഥലം പരിശോധിച്ചതിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകളും,സിവിൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ പ്രവർത്തനം ആരംഭിക്കുകയോ ഗുണഭോക്തൃസമിതിക്ക് കൈമാറുകയോ ചെയ്തിട്ടില്ല. കുഴൽ കിണറിന്റെ വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 മരാമത്ത് പ്രവൃത്തി -അപാകതകൾ.

1)തൻ വർഷം ആകെ 75 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 56 പുതിയ പ്രോജക്റ്റുകളും 19 സ്പിൽ ഓവർ പ്രോജക്റ്റുകളും ഇതിൽ ഉൾപ്പെടുന്നു. സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പുതിയ പദ്ധതികളിൽ 30 എണ്ണം മാത്രമാണ്

തൻവർഷം നടപ്പാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ആകെ 30395933/- രൂപ വകയിരുത്തിയെങ്കിലും ആകെ 12372721/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2)റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്റ്റിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 14-7-2007 ലെ ജി.ഒ.(എം.എസ്.)128/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക- 5-12 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല, (കണക്റ്റിവിറ്റി പ്ലാൻ) അതായത് ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾകൊള്ളിക്കേണ്ടതാണ്. അതിന് ശേഷം ഈ മേഖലയിലെ വിദഗ്ദരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

3)2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് ടെണ്ടർ ചെയ്തത്. എന്നാൽ മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ അധികം പ്രവൃത്തികളിലും രണ്ടോ അല്ലെങ്കിൽ മൂന്നോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും

ക്വാട്ട് ചെയ്യുന്നു. മൂന്ന് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റ് രണ്ട് പേർ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുന്നു. ടെണ്ടർ ചെയ്ത അധിക പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ വെച്ച് നടപ്പാക്കിയിട്ടുള്ളത്.

4) ആസ്തി രജിസ്റ്റർ പൂർണ്ണവിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

# 1-24 സുശാന്തം -വയോജനക്ഷേമം പദ്ധതി

പദ്ധതി നം. SO 95/2019

പദ്ധതി അടങ്കൽ 50000

പദ്ധതി ചെലവ് 50000 (തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത്

സുശാന്തം വയോജന ക്ഷേമം ജില്ലാപഞ്ചായത്തിന് വിഹിതം കൈമാറൽ എന്ന പദ്ധതിയ്ക്കായി 29.6.2018 ന് 50000 രൂപ തനത് ഫണ്ടിൽ നിന്നും ജില്ലാപഞ്ചായത്തിന് നല്കിയിരുന്നു. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 2018-19 സംയുക്ത പദ്ധതിയ്ക്ക് ജില്ലാആസൂത്രണസമിതി യുടെ നിർദ്ദേശപ്രകാരം ചാരിറ്റബിൾ സൊസൈറ്റിയുടെ പേരിൽ അക്കൌണ്ട് തുടങ്ങിയിട്ടുള്ളതും രശീതി/ധനവിനിയോഗസാക്ഷ്യപത്രം എന്നിവ നല്കേണ്ടത് മേൽ സൊസൈറ്റിയാണ് എന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 പാലിയേറ്റീവ് കെയർ പദ്ധതി -മരുന്നുകൾ മുഴുവനും നാളിതു വരെ ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം. s0063/19.

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.

ചെക്ക് നം. തി. 8866716/15.02.19.

പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് PRF3989/dt. പ്രകാരം 200000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.എന്നാൽ നാളിതു വരേയും മരുന്ന് ലഭ്യമായിട്ടില്ല.ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19/07/2019, 20.07.2019 | കെ.എസ്.എ.ടി.എസ്.ആർഎസ്1-1120/19(70) തീ.09/08/2019 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 220000 | ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് പാൽ സബ്സിഡി | 220000 | 0 |
| | | 325000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾക്കുള്ള സ്കോളർഷിപ്പ് | 325000 | 0 |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 100000 | നെൽകൃഷി വികസനം | 100000 | |
| | | 50000 | നെൽകൃഷിക്ക് കൂലിചെലവ് | 50000 | |
| | | 500000 | ലൈഫ് ഭവനപദ്ധതി | 500000 | |
| ജില്ലാപഞ്ചായത്ത് | | 150000 | ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് പാൽ സബ്സിഡി | 150000 | |
| | | 200000 | അംഗനവാടി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാരം | | |
| | | 100000 | നെൽകൃഷിക്ക് കൂലിചെലവ് വനിത | 70720 | 29280 |
| | | 100000 | നെൽകൃഷിക്ക് കൂലിചെലവ് ജനറൽ | 100000 | 0 |
| | | 100000 | പൊതുകിണർ അറ്റകുറ്റപണി | 0 | 100000 |
| | | 50000 | കുടുംബശ്രീ പ്രവർത്തകർക്ക് പച്ചക്കറികൃഷിക്ക് കൂലിചെലവ് | 50000 | 0 |
| | | 519862 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 519862 | 0 |
| | | 600000 | വികലാംഗർക്ക് മുച്ചക്രവാഹനം | 600000 | 0 |
| | | 100000 | വൃദ്ധർക്ക് കട്ടിൽ(ജനറൽ) | 97500 | 2500 |
| | | 400000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 400000 | മായ മഠത്തുതോട് റോഡ് വാർഡ്13 | 400000 | 0 |
| | | 100000 | വികലാംഗക്ഷേമം ഉപകരണങ്ങൾ വാങ്ങൽ | 0 | 100000 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ലൈൻ എക്സ്റ്റൻഷൻ | 21801699 | 25267 | 25267 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കേരളവാട്ടർ അതോരിറ്റി | തോട്ടാഞ്ചിറ റോഡിലെ പൊതുടാപ്പ് സ്ഥാപിക്കൽ | 21800260 | 25800 | 25800 | 0 |
| | | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | തുക | |
| ലൈഫ് വായ്പ (ഹഡ്കോ ലോൺ) | - | | 1913602 | - | - | 1913602 |
| EMS ഭവനപദ്ധതി | GO.278/2010/LSGD/ dt.27.01.2010 | 6501013 | 1788513 | 600000 | - | 1188513 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| 2013-14 | 2-12(2) | 950 | ഹെഡ്മിസ്ട്രസ്സ്,സെറാഫിക് കോൺവെന്റ് | 118150102242 |
| 2008-09 | 3-1 | 17229 | എം.ടി .സെബാസ്റ്റ്യൻ | 118150105243 |

# 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.4 | 2016-17 | 2-4 | വസ്തുനികുതി ഈടാക്കിയിട്ടില്ല. | ഒരു ടവർ ഒഴികെ മറ്റു ടവറുകളുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | വസ്തു നികുതി ഈടാക്കി |
| 2014-15 | 2.1.2 | 2016-17 | 2.1.2 | തൊഴിൽനികുതി അപാകതകൾ | ഒരെണ്ണം ഒഴികെ മറ്റു സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കി. |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95441788 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78953521 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 330000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുകളുടെ പേരും വിവരവും |
|---|---|---|
| 1-16 | 30000/- | ശ്രീമതി.ചിഞ്ചു മരിയ കുര്യൻ, വെറ്റിനറി സർജൻ |
| 1-20 | 300000/- | ശ്രീമതി. രശ്മി,പി.എസ്. വി.ഇ.ഒ.കിഴക്കംമുറി |
| ആകെ | 330000/- | |

ഓഡിറ്റിൽ നിരാകരിക്കുന്ന തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽഎഫ്.ടി.എസ്.1679/ 18.7.11/ 1.10.11 |
| 1981-82 | എൽ.എഫ്.ടി.13-1880/84/ 7.2.85 |
| 1982-83 | എൽ.എഫ്.ടി.13-1317/87/ 12.8.87 |
| 1983-84 | എൽ.എഫ്.ടി.13-923/88/1.7.88 |
| 1984-85 | എൽ.എഫ്.ടി.13-142/89/ 18.9.89 |
| 1985-86 | എൽ.എഫ്.ടി.13-2144/91/ 23.7.93 |
| 1986-87, 1987-88 | എൽ.എഫ്.ടി.13-1236/93/ 23.7.93 |
| 1988-89, 1989-90 | എൽ.എഫ്.ടി.13-1490/93/ 16.2.94 |
| 1990-91 | എൽ.എഫ്.ടി.13-629/96/8.6.96 |
| 1991-92 | എൽ.എഫ്.ടി.13-1491/93/ 15.2.94 |
| 1992- | എൽ.എഫ്.ടി.13-718/97/3.1.97 |

| | |
|---|---|
| 93, 1993-94 | |
| 1996-97 | എൽ.എഫ്.ടി.13-113/563/ 98/7.10.98 |
| 1997-98 | എൽ.എഫ്.ടി.15-28/98/5.6.99 |
| 1998-99 | എൽ.എഫ്.ടി.15-1624/00/ 14.9.00 |
| 1998-99 | എൽ.എഫ്.ടി.15-1785/01/ 3.9.02 |
| 1999-00 | എൽ.എഫ്.ടി.15-1822/01/ 31.10.02 |
| 2000-01 | എൽ.എഫ്.ടി.15-1748/02/ 4.9.03 |
| 2001-02 | എൽ.എഫ്.ടി.15-1734/03/ 9.6.04 |
| 2001-02 | എൽ.എഫ്.ടി.15-239/04/ 13.9.04 |
| 2002-03 | എൽ.എഫ്.ടി.15-352/06/ 12.3.07 |
| 2003-04 | എൽഎഫ്.ടി.11-2614/08/ 25.5.10 |
| 2004-05 | എൽഎഫ്.ടി.11-64/09/ 25.5.10 |
| 2005-06 | എൽഎഫ്.ടി.11-29/10/ 29.1.10 |
| 2006-07 | എൽഎഫ്.ടി.11-30/10/ 29.1.11/ 29.6.11 |
| 2007-08 | എൽഎഫ്.ടി.(പി2)685/12/ 13.6.12 |
| 2008- | എൽഎഫ്.ടി.(പി2)686/12/ 13.6.12 |

| | |
|---|---|
| 09 | |
| 2009-10 | എൽഎഫ്.ടി.(പി2)687/12/ 13.6.12 |
| 2011-12 | എൽഎഫ്.ടി.(പി2)-910/13/ 3.12.13 |
| 2012-13 | എൽ.എഫ്.ടി.പി2-848/2014 |
| 2013-14<br>2014-15 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-370/16dt.29.03.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-1940/2016dt.14.11.2016 |
| 2016-17 | കെ.എസ്. എ-ടി.എസ് ആർ(പി2)1404/2017<br>തിയതി:14.09.2017 |
| 2017-18 | കെ.എസ്. എ-ടി.എസ്<br>ആർ(പി2)255/2019തിയതി:11.06.2019 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ്സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം</u>

| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
|---|---|

| | |
|---|---|
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,<br>
തൃശ്ശൂർ